രക്ഷയുടെ പാതയിൽ–3



3

# ജീവദാതാവായ ദൈവം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി


# ഉള്ളടക്കം




1. ജീവൻ നൽകുന്ന ദൈവം
2. ദൈവികജീവൻ നഷ്ടപ്പെടുന്ന മനുഷ്യൻ
3. പാപം ബന്ധങ്ങളെ തകർക്കുന്നു
4. പാപത്തിന്റെ ഫലം നാശം
5. രക്ഷയ്ക്കു വഴിയൊരുക്കുന്ന ദൈവം
6. രക്ഷയിലേക്ക് നയിക്കുന്ന ദൈവം
7. കല്പനകൾ : ജീവന്റെ വഴികൾ
8. കല്പനകളുടെ ലംഘനം : പാപം
9. കല്പനകൾ പാലിച്ച ഈശോ
10. ആത്മാവിനാൽ അഭിഷിക്തനായ ഈശോ
11. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന ശിഷ്യന്മാർ
12. കൂദാശകൾ : ജീവന്റെ അരുവികൾ
13. ഈശോയാൽ അയയ്ക്കപ്പെട്ടവർ
14. ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
15. ആത്മാവിനാൽ സാക്ഷ്യം നൽകിയവർ .

പാഠം 13

# ഈശോയാൽ അയയ്ക്കപ്പെട്ടവർ




ഇവർ ശ്ലീഹാന്മാർ അഥവാ അപ്പസ്തോലന്മാർ എന്ന് വിളിക്കപ്പെടുന്നു. അയയ്ക്കപ്പെട്ടവൻ എന്നാണ് ശ്ലീഹാ എന്ന വാക്കിന്റെ അർത്ഥം.



പത്രോസ്, അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ, പീലിപ്പോസ്, ബർത്തലോമിയാ, തോമാ, മത്തായി, ഹൽപൈയുടെ പുത്രനായ യാക്കോബ്, തദേവൂസ്, ശിമയോൻ, യൂദാസ് സ്കറിയോത്ത എന്നിവരാണ് പന്ത്രണ്ടു ശ്ലീഹന്മാർ.



ഈശോ പന്ത്രണ്ടുപേരെയും വിളിച്ച് ഇപ്രകാരം ചുമതലപ്പെടുത്തി അയച്ചു. നിങ്ങൾ പോയി സ്വർഗരാജ്യം സമീപിച്ചിരിക്കുന്നുവെന്ന് പ്രസംഗിക്കുവിൻ. രോഗികളെ സുഖപ്പെടുത്തുകയും മരിച്ചവരെ ഉയർപ്പിക്കുകയും കുഷ്ഠരോഗികളെ ശുദ്ധരാക്കുകയും പിശാചുക്കളെ ബഹിഷ്കരിക്കുകയും ചെയ്യുവിൻ (മത്തായി 10:8).



**ഉയിർത്തെഴുന്നേറ്റ ഈശോ തന്റെ ശിഷ്യന്മാരോട് പറഞ്ഞു: പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കും** (യോഹന്നാൻ 20:21).

**നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ** (മർക്കോസ് 16:15).





ശ്ലീഹന്മാരിലൊരുവനായ തോമ്മാശ്ലീഹാ ഭാരതത്തിൽ വന്ന് സുവിശേഷം പ്രസംഗിക്കുകയും ചെന്നൈയ്ക്കടുത്ത് മൈലാപ്പൂരിലെ ചിന്നമലയിൽ വച്ച് രക്തസാക്ഷിയാകുകയും ചെയ്തു.



പരിശുദ്ധാത്മാവ് വിവിധ വരങ്ങളും ദാനങ്ങളും നൽകി അപ്പസ്തോലൻമാരെ ശക്തിപ്പെടുത്തി ഭാഷാവരം, പ്രവചന വരം, ദർശനവരം, ജ്ഞാനവരം, വ്യാഖ്യാനവരം, രോഗശാന്തിവരം, അത്ഭുതപ്രവർത്തനവരം എന്നിവയാണ് പരിശുദ്ധാത്മാവു നല്കിയ വരങ്ങളിൽ ചിലത്.



മാമ്മോദീസായും തൈലാഭിഷേകവും വഴി പരിശുദ്ധാത്മാവിന്റെ കൃപ സ്വീകരിക്കുന്ന നമുക്കും അവിടുന്ന് പ്രത്യേകമായ വരങ്ങളും ദാനങ്ങളും നല്കുന്നുണ്ട്. ഈശോയുടെ സുവിശേഷം പ്രഘോഷിക്കുവാനും ഈശോയ്ക്കു സാക്ഷ്യം വഹിക്കുവാനും വേണ്ടിയാണ് പരിശുദ്ധാത്മാവ് വിവിധവരദാനങ്ങൾ നമുക്ക് നല്കുന്നത്. ഈ വരദാനങ്ങൾ സ്വീകരിച്ച് സുവിശേഷം പ്രഘോഷിക്കുവാനും നമ്മുടെ ചിന്ത, വാക്ക്, പ്രവൃത്തി ഇവകൊണ്ട് ഈശോയ്ക്ക് സാക്ഷികളാകുവാനും നമുക്കു ശ്രമിക്കാം.

# നമുക്കുപ്രാർത്ഥിക്കാം

പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്ത്, ശിഷ്യന്മാരെ ലോകമെങ്ങും സുവിശേഷം പ്രസംഗിക്കുവാൻ അയച്ച ഈശോയെ, സുവിശേഷത്തിനു സാക്ഷിയായി ജീവിക്കുവാൻ എന്നെ സഹായിക്കണമേ.



# നമുക്കു പാടാം



പന്ത്രണ്ടുപേരുണ്ട് ശ്ലീഹന്മാരായ്
ഈശോയ്ക്കു സാക്ഷ്യം വഹിച്ചവരായ്
ഈശോയെ നന്നായറിഞ്ഞോരവർ
സഭയെ വളർത്തിയീ ഭൂതലത്തിൽ
പത്രോസ് അന്ത്രയോസ് യോഹന്നാനും
യാക്കോബുമാരവർ രണ്ടുപേരും
പീലിപ്പോസ് മത്തായി ബർത്തലോമിയോ
ശിമയോൻ യൂദാ തോമ്മാശ്ലീഹാ
മത്തിയാസ് യൂദാസിൻ പകരക്കാരൻ
ശ്ലീഹന്മാരിങ്ങനെ പന്ത്രണ്ടുപേർ

# എന്റെ തീരുമാനം

ദൈവം എനിക്കു നല്കിയിട്ടുള്ള പ്രത്യേക നന്മകളും കഴിവുകളും മറ്റുള്ളവരുടെ നന്മയ്ക്കായി ഞാൻ ഉപയോഗിക്കും.



Thank you